# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ആഗസ്റ്റ് 12 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 1

## ഒല്ലൂർ കൃഷി സമൃദ്ധി ലോഗോ പ്രകാശനം ചെയ്തു

ഒല്ലൂർ നിയോജമണ്ഡലത്തിലെ സമഗ്ര കാർഷിക വികസനത്തിനായുള്ള ഒല്ലൂർ കൃഷി സമൃദ്ധിയുടെ ലോഗോ ഗവ. ചീഫ് വിപ്പ് കെ രാജൻ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ഐ എസ് ഉമദേവിയ്ക്ക് നൽകി പ്രകാശനം ചെയ്തു. മണ്ഡലത്തിലെ കൃഷി സമൃദ്ധി കർഷക സംഘങ്ങൾ ഉത്പാദിപ്പിക്കുന കാർഷികോത്പന്നങ്ങൾ ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ എത്തിച്ച് വിപണനം നടത്തുന്നതിന് വേണ്ട നടപടികൾ പദ്ധതിയുടെ ഭാഗമായി ആരംഭിച്ചു. പ്രകാശന ചടങ്ങിൽ മണ്ഡലത്തിലെ പ്രാഥമിക സഹകരണ ബാങ്ക് പ്രസിഡന്റുമാർ, കൃഷി ഉദ്യോഗസ്ഥർ എന്നിവർ സന്നിഹിതരായി.

***പടം അടിക്കുറിപ്പ്: ഒല്ലൂർ നിയോജമണ്ഡലത്തിലെ സമഗ്ര കാർഷിക വികസനത്തിനുള്ള ഒല്ലൂർ കൃഷി സമൃദ്ധിയുടെ ലോഗോ ഗവ. ചീഫ് വിപ്പ് കെ രാജൻ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ഐ എസ് ഉമദേവിയ്ക്ക് നൽകി പ്രകാശനം ചെയ്യുന്നു***

## കളക്ടറേറ്റിൽ കിഫ്ബി സ്ഥലമെടുപ്പ് ഓഫീസ് തുറന്നു

കിഫ്ബി പദ്ധതിയുടെ സ്ഥലമെടുപ്പ് നടപടികൾക്കായുള്ള ഓഫീസ് ജില്ലാ കളക്ടർ എസ്. ഷാനവാസ് ഉദ്ഘാടനം ചെയ്തു. കളക്ടറേറ്റിൽ ജില്ലാ ഇ-ഗവേണിങ്ങ് സൊസൈറ്റി പരിശീലന ഹാളിലാണ് ഓഫീസ് പ്രവർത്തനം ആരംഭിച്ചത്. സ്പെഷ്യൽ തഹസിൽദാറായി കെ. എസ് സുധീറിനെ നിയമിച്ചു.

കിഫ്ബി ധനസഹായത്തോടെ നടക്കുന്ന പദ്ധതികളുടെ ഭൂമി വാങ്ങുന്നതുമായി ബന്ധപ്പെട്ട നടപടികൾക്ക് മാത്രമായാണ് പുതിയ ഓഫീസ്. 16 തസ്തികകളാണ് ഈ ഓഫീസിലുള്ളത്. ചടങ്ങിൽ ഡെപ്യൂട്ടി കലക്ടർമാരായ എം. സി റെജിൽ, എ. ജെ മേരി, ടി. പ്രീജാകുമാരി, എൻ. കെ കൃപ, പി. മധു, ഹുസൂർ ശിരസ്തദാർ കെ. ജി പ്രാൺ സിങ് എന്നിവർ പങ്കെടുത്തു.

ഗതാഗതം, ജല ശുദ്ധീകരണം, ഊർജ്ജം, സാമൂഹികവും വാണിജ്യപരവുമായ അടിസ്ഥാന സൗകര്യ വികസനം, ഐടി ആൻഡ് ടെലികമ്യൂണിക്കേഷൻ എന്നീ സർക്കാർ സംവിധാനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനമാണ് കിഫ്ബിയുടെ ലക്ഷ്യം. ഇത്തരം പ്രോജക്ടുകൾ പഠന വിധേയമാക്കിയ ശേഷം അതിന് അനുമതി നൽകുന്നതും അവയ്ക്ക് ആവശ്യമുള്ള തുക വകയിരുത്തുന്നതും കിഫ്ബിയാണ്.

***പടം അടിക്കുറിപ്പ്: കിഫ്ബി പദ്ധതികൾക്കുള്ള സ്ഥലമെടുപ്പ് നടപടികൾക്കായുള്ള ഓഫീസ് കളക്ടറേറ്റിൽ ജില്ലാ കളക്ടർ എസ് ഷാനവാസ് ഉദ്ഘാടനം ചെയ്യുന്നു***

## എഎൻഎം കോഴ്സിന് അപേക്ഷ ക്ഷണിച്ചു

സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ പാലക്കാട് പെരിങ്ങോട്ടുകുറുശ്ശി ഗവ. ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സിംഗ് ട്രെയിനിങ് സെന്ററിൽ 2020-22 അധ്യയന വർഷത്തെ എഎൻഎം കോഴ്സിനുള്ള അപേക്ഷ ക്ഷണിച്ചു. ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശൂർ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ സ്ഥിര താമസക്കാർക്ക് അപേക്ഷിക്കാം. പ്ലസ് ടു/തത്തുല്യ യോഗ്യതയുള്ള മലയാളം എഴുതാനും വായിക്കാനും കഴിയുന്ന പെൺകുട്ടികൾ ആയിരിക്കണം. അപേക്ഷകർ 2019 ഡിസംബർ 31ന് 17 വയസ്സ് തികഞ്ഞവർ ആയിരിക്കണം. 30 വയസ്സ് കവിയരുത്.

ഉയർന്ന പ്രായപരിധിയിൽ ഒബിസിക്കാർക്ക് മൂന്ന് വയസ്സും എസ്.സി/എസ്.ടിക്കാർക്ക് അഞ്ച് വയസ്സും ഇളവുണ്ട്. അപേക്ഷാഫോമും പ്രോസ്പെക്ടസും www.dhs.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. എസ്.സി/എസ് ടിക്കാർ 75 രൂപയും മറ്റുള്ളവർ 200 രൂപയും 0210-80-800-88 എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച ഒറിജിനൽ ചലാൻ സഹിതം പൂരിപ്പിച്ച അപേക്ഷ സെപ്റ്റംബർ അഞ്ചിന് വൈകീട്ട് അഞ്ച് മണിക്ക് മുൻപ് ഓഫീസിൽ എത്തിക്കണം. ഫോൺ: 04922 217 241.

## സമ്പുഷ്ടകേരളത്തിൽ തൊഴിലവസരം

വനിത ശിശു വികസന വകുപ്പിന് കീഴിലുള്ള സമ്പുഷ്ടകേരളം പദ്ധതിക്ക് കീഴിലുള്ള തസ്തികളിലേക്ക് അപേക്ഷ ക്ഷണിച്ചു. നാഷനൽ ന്യൂട്രിഷൻ മിഷൻ പദ്ധതി പ്രകാരം ബ്ലോക്ക് കോ ഓർഡിനേറ്റർ, ബ്ലോക്ക് പ്രോജക്ട് അസിസ്റ്റന്റ് എന്നി തസ്തികകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്. ബയോഡാറ്റ, അനുബന്ധ രേഖകൾ സഹിതം അപേക്ഷ ആഗസ്റ്റ് 27ന് വൈകീട്ട് അഞ്ചിന് മുമ്പ് പ്രോഗ്രാം ഓഫീസർ, ജില്ലാതല ഐ.സി.ഡി.എസ് സെൽ ,മിനി സിവിൽ സ്റ്റേഷൻ, പി.ഒ. ചെമ്പിക്കാവ് തൃശൂർ 680020 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 0487 2321689.

## സുഭിക്ഷ കേരളം:
## ജില്ലാതല യോഗം 13 ന്

സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായുള്ള ജില്ലാതല യോഗം ആഗസ്റ്റ് 13 രാവിലെ 11.30 ന് വീഡിയോ കോൺഫറൻസ് വഴി നടത്തും.

## ആംബുലൻസ് ഡ്രൈവർ ഒഴിവ്

മുള്ളൂർക്കര ഗ്രാമപഞ്ചായത്തിൽ ആംബുലൻസ് ഡ്രൈവർ തസ്തികയിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. താല്പര്യമുള്ളവർ യോഗ്യതയും ജോലി പരിചയവും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും രേഖകളും സഹിതം ആഗസ്റ്റ് 17 രാവിലെ 11 ന് മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് ഓഫീസിൽ അഭിമുഖത്തിന് പങ്കെടുക്കണം. ഫോൺ: 04884 272526.

## വളം സബ്സിഡിക്ക് അപേക്ഷ

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തെങ്ങിനുള്ള ജൈവവളത്തിന്റെ ഗുണഭോക്തൃ പട്ടികയിലെ അംഗങ്ങൾ വളം സബ്സിഡിക്ക് കുന്നംകുളം കൃഷിഭവനിൽ അപേക്ഷ നൽകണം. നികുതി അടച്ച രസീത്, ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട് എന്നിവയുടെ പകർപ്പും വളം വാങ്ങിയതിന്റെ യഥാർഥ ബില്ലും നൽകണം. ഒരു കോടി ഫലവൃക്ഷം പദ്ധതിയുടെ ഭാഗമായി മാവ്, പ്ലാവ്, മുരിങ്ങ, വേപ്പ് എന്നിവ വിതരണത്തിന് എത്തി. ഫോൺ: 04885 223363.

## പ്ലസ് വൺ പ്രവേശനം:
## അപേക്ഷ സമർപ്പണം 14ന് അവസാനിക്കും

പ്ലസ് വൺ ഏകജാലകം അപേക്ഷ സമർപ്പണം ആഗസ്റ്റ് 14ന് അവസാനിക്കും. 99 ശതമാനം അപേക്ഷകളും ലിങ്കിൽ കയറിയിട്ടുണ്ട്. 40371 അപേക്ഷകളാണ് ഇത് വരെയായി ലിങ്കിൽ കയറിയത്. 39652 എണ്ണം ഉറപ്പാക്കി. എസ് എസ് എൽ സി-34399, സി ബി എസ് ഇ-4022, ഐ സി എസ് സി-366, മറ്റുള്ളവ-865 എന്നിങ്ങനെയാണ് അപേക്ഷകൾ ഉറപ്പാക്കിയത്. ജില്ലയിൽ 10 ശതമാനം സീറ്റും വർധിച്ചിട്ടുണ്ട്. സർക്കാർ, എയ്ഡഡ് സ്കൂളുകളിലാണ് ഈ വർധനവ്.

വിദ്യാർഥികളെയും അധ്യാപകരെയും സഹായിക്കാൻ 400 ഹെൽപ് ഡെസ്കുകളാണ് ജില്ലയിൽ പ്രവർത്തിച്ചു വരുന്നത്. ട്രയൽ അലോട്ട്മെന്റ് വന്നാൽ തെറ്റുകൾ തിരുത്താനും കൂട്ടി ചേർക്കലുകൾക്കും ഈ ഹെൽപ് ഡെസ്കുകൾ സഹായിക്കും. NSSHELPDESK എന്ന മൊബൈൽ ആപ്പ് ഉപയോഗിച്ചും പ്രവേശന നടപടികൾ പൂർത്തിയാക്കാം.

സ്പോർട്ട്സ് ക്വാട്ട അപേക്ഷാർത്ഥികൾക്ക് ആഗസ്റ്റ് അഞ്ച് മുതൽ അപേക്ഷ സമർപ്പിക്കാൻ അവസരം ഒരുക്കിയിട്ടുണ്ട്. രണ്ട് പടികളാണ് അപേക്ഷ സമർപ്പിക്കാൻ വേണ്ടിയുള്ളത്. ആദ്യ പടിയിൽ പ്രവേശന ലിങ്കിൽ അച്ചീവ്മെന്റ് രജിസ്ട്രേഷൻ നടത്തണം. ശേഷം കിട്ടുന്ന പ്രിൻറ് ഔട്ട്, സർട്ടിഫിക്കറ്റുകൾ എന്നിവ സ്കാൻ ചെയ്ത് അതാത് ജില്ലാ സ്പോർട്സ് കൗസിലിലേക്ക് മെയിൽ ചെയ്യണം. ഇതിനായി നേരിട്ട് പോകേണ്ടതില്ല. രണ്ടാമത്തെ സ്റ്റെപ്പിൽ

HSCAP ൽ ഓൺലൈൻ സ്പോർട്സ് ലിങ്കിൽ സ്കോർ കാർഡിലെ വിവരങ്ങൾ നൽകി സാധാരണ പോലെ അപേക്ഷിക്കാം. ഓഗസ്റ്റ് 18 വരെ സ്പോർസ്സ് ക്വാട്ടയിലേക്ക് അപേക്ഷിക്കാം.

## മുന്നൊരുക്കം ലക്ഷ്യം കണ്ടു;
## തീരയോരത്ത് മഴക്കാല ആശ്വാസത്തിൽ തീരദേശം

ഒരാഴ്ച്ച നീണ്ടു നിന്ന മഴയ്ക്ക് ശേഷം രണ്ട് ദിവസത്തെ തെളിഞ്ഞ ആകാശം കണ്ട ആശ്വാസത്തിലാണ് തീരദേശവാസികൾ. പ്രളയഭീതിയിൽ നിന്ന് നാടിനെ ഇത്തവണ സംരക്ഷിച്ചത് സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള മുന്നൊരുക്കങ്ങളാണെന്ന് ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ പറഞ്ഞു. കാലവർഷം വരുന്നതിന് മുമ്പേ തന്നെ കയ്പമംഗലം മണ്ഡലത്തിന്റെ അതിർത്തി പങ്കിടുന്ന കനോലി കനാൽ നവീകരിച്ചു കൊണ്ടായിരുന്നു മഴക്കാല പൂർവ്വശുചീകരണത്തിന്റെ തുടക്കം. അടിഞ്ഞ് കൂടിയ ചളി വാരാൻ പരമ്പരാഗത തൊഴിലാളികൾക്ക് സർക്കാർ പ്രത്യേക അനുമതി നൽകിയതും ആശ്വാസമായി. മണ്ഡലത്തിലെ പ്രധാന തോടുകളായ പെരുംതോട് വലിയതോട്, വേടിത്തോട്, അറപ്പത്തോടുകൾ, കൈവഴികളായ നിരവധി തോടുകൾ എന്നിവ ഗ്രാമപഞ്ചായത്തുകളുടേയും, ഇറിഗേഷൻ വകുപ്പിന്റെയും തൊഴിലുറപ്പ് തൊഴിലാളികളുടേയും സഹകരണത്തോടെ ജനകീയ കൂട്ടായ്മയിലാണ് ശുചീകരിച്ചത്.

യന്ത്രങ്ങളുടെ സഹായത്തോടെ മാലിന്യങ്ങളും മറ്റു തടസ്സങ്ങളും നീക്കി നീരൊഴുക്ക് സുഗമമാക്കിയതോടെ ഇത്തവണ മണ്ഡലത്തിൽ വെള്ളക്കെട്ട് ഭീഷണി അധികം നേരിടേണ്ടി വന്നില്ല. ഏഴ് പഞ്ചായത്തുകളിലുമായി ആകെ മൂന്ന് ക്യാമ്പുകൾ മാത്രമാണ് ഇത്തവണ തുറക്കേണ്ടി വന്നത്. എടത്തിരുത്തിയിൽ ചെന്ത്രാപ്പിന്നി ഹയർ സെക്കണ്ടറി സ്കൂളിലും എടവിലങ്ങ് പഞ്ചായത്തിൽ കാര ഫിഷറീസ് സ്കൂളിലും പെരിഞ്ഞനം പഞ്ചായത്തിൽ ഈസ്റ്റ് യു പി സ്കൂളിലും മാത്രമാണ് ക്യാമ്പുകൾ തുറന്നത്. ചെന്ത്രാപ്പിന്നി ഹൈസ്കൂളിൽ ഏഴ് കുടുംബങ്ങളിലായി 25 പേരും എടവിലങ്ങ് ഫിഷറീസിൽ രണ്ട് കുടുംബങ്ങളിലായി ആറ് പേരും പെരിഞ്ഞനം ഈസ്റ്റ് യു പിയിൽ മൂന്ന് കുടുംബങ്ങളിലായി 17 പേരുമാണ് നിലവിലുള്ളത്. കഴിഞ്ഞ രണ്ട് വർഷങ്ങളിലും ക്യാമ്പുകളുടെ എണ്ണം ഇതിന്റെ ഇരട്ടിയായിരുന്നു. പ്രളയത്തിന് ശേഷം വരൾച്ചയും നേരിടേണ്ടി വരും എന്ന സാധ്യത മുന്നിൽ കണ്ട് പെരുംതോടുകളിലെ സ്ലൂയിസുകൾ പ്രവർത്തനസജ്ജമാക്കാൻ വേണ്ട നടപടികളുമായി മുന്നോട്ട് പോകുമെന്ന് എംഎൽഎ അറിയിച്ചു.

## ചങ്ങാടങ്ങൾ ഒരുങ്ങുന്നു;
## സിവിൽ ഡിഫെൻസിന്റെ കരുതലിൽ

ജന സുരക്ഷയ്ക്ക് രക്ഷാപ്രവർത്തനത്തിന്റെ വേറിട്ട മാർഗങ്ങളുമായി ഗുരുവായൂർ ഫയർ ഫോഴ്സും സിവിൽ ഡിഫെൻസും. പ്രളയം, മഴക്കെടുതി എന്നിവ അതിജീവിക്കാൻ ജൈവ

വസ്തുക്കൾ, പാഴ്വസ്തുക്കൾ എന്നിവ കൊണ്ട് ചങ്ങാടങ്ങൾ തയ്യാറാക്കിയിരിക്കുകയാണ് സിവിൽ ഡിഫെൻസ് അംഗങ്ങൾ. കനത്ത മഴയിലും കടൽക്ഷോഭത്തിലും വെള്ളക്കെട്ട് രൂക്ഷമായാൽ വെള്ളം കയറിയ സ്ഥലത്തു നിന്ന് ആളുകളെ സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കുന്നതിന് ഈ ചങ്ങാടങ്ങൾ സഹായകരമാണ്. ഒറ്റപ്പെട്ടുപോയ വീടുകളിലേക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ, നിത്യോപയോഗ സാധനങ്ങൾ എന്നിവ കൊണ്ടു പോകുന്നതിനും ഇവ ഉപയോഗിക്കാം.

മുള, പിവിസി പൈപ്പ്, പ്ലാസ്റ്റിക് കുപ്പികൾ എന്നിവ കൊണ്ട് മൂന്ന് ചങ്ങാടങ്ങളാണ് നാസർ, കരീം, നിഷാദ്, ജീവൻ എന്നിവരുടെ നേതൃത്വത്തിൽ സിവിൽ ഡിഫെൻസ് അംഗങ്ങൾ ചേർന്ന് തയ്യാറാക്കിയത്. 35 മുളകൾ, കയർ, കാലി എണ്ണ വീപ്പകൾ എന്നിവ ഉപയോഗിച്ച് തയ്യാറാക്കിയ ചങ്ങാടത്തിൽ 12 പേർക്ക് ഒരേ സമയം സഞ്ചരിക്കാം. പിവിസി പൈപ്പും ടയർ ട്യൂബും കൊണ്ടുള്ള ചങ്ങാടത്തിൽ നാല് പേർക്കും 300 പ്ലാസ്റ്റിക്ക് കുപ്പികൾ കെട്ടി മരപ്പലക വെച്ചുള്ള ചങ്ങാടത്തിൽ മൂന്ന് പേർക്കും കയറാം. ഗുരുവായൂർ ഫയർ സ്റ്റേഷൻ ഓഫീസർ സുൽഫീസ് ഇബ്രാഹിമിന്റെ നിർദേശാനുസരണമാണ് സിവിൽ ഡിഫെൻസ് അംഗങ്ങൾ ചങ്ങാടങ്ങൾ നിർമ്മിച്ചത്.

***പടം അടിക്കുറിപ്പ്: മഴക്കെടുതി അതിജീവിക്കാൻ ജൈവ വസ്തുക്കൾ, പാഴ്വസ്തുക്കൾ എന്നിവ കൊണ്ട് സിവിൽ ഡിഫെൻസ് അംഗങ്ങൾ നിർമ്മിച്ച ചങ്ങാടങ്ങൾ***

## അണിഞ്ഞൊരുങ്ങി അന്തിക്കാട് കുളം

ജില്ലയിലെ വലിയ കുളങ്ങളിലൊന്നായ അന്തിക്കാട് ശ്രീ കാർത്ത്യായനി ക്ഷേത്ര കുളം അണിഞ്ഞൊരുങ്ങുന്നു. നാലേക്കർ വിസ്തൃതിയുള്ള അന്തിക്കാട് കുളം കൂടുതൽ സൗകര്യങ്ങളോടെ ജലസമൃദ്ധിയിലാണ്.

പഞ്ചായത്ത് ഓഫീസിന്റെ മുൻ വശത്തുള്ള, കടുത്ത വേനലിൽ പോലും വറ്റാത്ത നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ കുളം രാജ ഭരണ കാലത്തുള്ളതാണ്. സംസ്ഥാന കൃഷിവകുപ്പിന്റെയും വിവിധ സർക്കാർ ഏജൻസികളുടെയും ഗ്രാമ പഞ്ചായത്തിന്റെയും സ്വകാര്യ വ്യക്തികളുടെയും സഹകരണത്തോടെ ഒരു കോടി മൂന്ന് ലക്ഷം രൂപ ചിലവഴിച്ച് അന്തിക്കാട് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിലാണ് കുളം നവീകരിക്കുന്നത്.

ആരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി ജോഗിംഗിനായി കുളത്തിന്റെ മൂന്ന് ഭാഗത്തും നടപ്പാത, നീന്തൽ പഠിക്കുന്നതിനും നീന്തി കുളിക്കുന്നതിനും സൗകര്യം, ഓപ്പൺ ജിം, വൈഫൈ ഏരിയ, വടംവലി, സൈക്കിളിംഗ്, സ്കേറ്റിംഗ്, കലാപരിപാടികൾ എന്നിവയ്ക്കുള്ള സൗകര്യം, വർഷത്തിൽ ഒരിയ്ക്കൽ ആറാട്ടിനെത്തുന്ന അന്തിക്കാട്ടെ ദേവിക്ക് ആറാട്ട് കടവിൽ കുളപ്പുര, എന്നിങ്ങനെ സ്വപ്ന പദ്ധതികളാണ് യാഥാർത്ഥ്യമാകാനൊരുങ്ങുന്നത്.

കുളത്തിന് ചുറ്റും നിശ്ചിത ദൂരത്തിൽ ക്യാമറകൾ സ്ഥാപിക്കുകയും അവയെ അന്തിക്കാട് പോലീസ് സ്റ്റേഷനുമായി ബന്ധിപ്പിക്കുകുകയും ചെയ്യും. എ വി ശ്രീവത്സൻ പതിറ്റാണ്ടുകൾക്ക് മുമ്പ് ഡിസൈൻ ചെയ്തെടുത്തതാണ് അന്തിക്കാട്ട് കുളത്തിന്റെ വികസന പദ്ധതികൾ. കൃഷിമന്ത്രി വി എസ് സുനിൽകുമാർ, ഗീതഗോപി എം എൽ എ എന്നിവരുടെ പൂർണ്ണ പിന്തുണയോടെയാണ് കുളത്തിന്റെ നവീകരണം പൂർത്തിയാകുന്നത്.

മുൻ തലമുറകൾ തിമിർത്ത് ഉപയോഗിച്ച് കേട് കൂടാതെ ഈ തലമുറയെ ഏൽപ്പിച്ച അന്തിക്കാട് കുളം അതി മനോഹരമാക്കി വരുന്ന തലമുറയെ ഏൽപ്പിക്കുക എന്ന ദൗത്യമാണ് ചെയ്തതെന്ന് കൃഷിമന്ത്രി വി എസ് സുനിൽകുമാർ പറഞ്ഞു. അന്തിക്കാട്ട് കുളീ അന്തിക്കാട് പഞ്ചായത്തിന്റെ കുടിവെള്ള സ്രോതസ്സാക്കി മാറ്റുന്നതിനെ കുറിച്ച് പഞ്ചായത്ത് ഗൗരവമായി ആലോചിക്കുന്നുണ്ടെന്ന് പ്രസിഡന്റ് എ വി ശ്രീവത്സൻ പറഞ്ഞു. നിലവിൽ അന്തിക്കാട് ലിഫ്റ്റ് ഇറിഗേഷനുമായും, 4, 5, 6, വാർഡുകളിലെ ജലസേചന പദ്ധതികളുമായും അന്തിക്കാട്ട് കുളത്തെ ബന്ധിപ്പിച്ചിട്ടുണ്ടെന്നും പ്രസിഡന്റ് പറഞ്ഞു.

***പടം അടിക്കുറിപ്പ്: അന്തിക്കാട് പഞ്ചായത്ത് ഓഫീസിന് മുമ്പിലെ കുളം നവീകരിച്ചപ്പോൾ***

**തുടരും**